"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിഷോഭത്തിൽ പൂർണ്ണമായും തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനുള്ള ധനസഹായവും, വീടും സ്ഥലവും വാസയോഗ്യമല്ലാതായവർക്കുള്ള ധനസഹായവും വർദ്ധിപ്പിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.16/2026/DMD തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:- 1. സ.ഉ.(കൈ) നം. 25/2019/DMD, തീയതി 23/08/2019.

2. സ.ഉ.(കൈ) നം. 1/2025/DMD, തീയതി 09/01/2025

**<u>ഉത്തരവ്</u>**

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം പ്രകൃതിദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനും സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനുമുള്ള മാനദണ്ഡങ്ങളും സ്ലാബുകളും നിശ്ചയിച്ച് ഉത്തരവായിരുന്നു.

2) 2026 കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രകാരം പരാമർശം (1), (2) ഉത്തരവുകൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) പ്രകൃതിക്ഷോഭത്തിൽ വീടും, സ്ഥലവും നഷ്ടപ്പെട്ടവർക്ക്, സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന്/ പരാമർശം (1) ഉത്തരവ് പ്രകാരം നിലവിൽ അനുവദിച്ചിരുന്ന 10 ലക്ഷം രൂപയിൽ നിന്നും 12 ലക്ഷം രൂപയായി (പന്ത്രണ്ട് ലക്ഷം രൂപ) വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. പുതുക്കിയ സ്ലാബ് ചുവടെ ചേർക്കുന്നു:

| **വീടിന്റെ നാശ നഷ്ടതോത്** | SDRF (വീടിന്) | CMDRF (വീടിന്) | CMDRF (സ്ഥലത്തിന്) | Total |
|---|---|---|---|---|
| പ്രകൃതിക്ഷോഭത്തിൽ വീടും, സ്ഥലവും നഷ്ടപ്പെട്ടവർക്ക്, സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ (ഇത്തരത്തിൽ സ്ഥലം വാങ്ങുന്ന ദുരന്ത ബാധിതർ അവരുടെ ഉടമസ്ഥതയിൽ മുൻപ് ഉണ്ടായിരുന്നതും, ദുരന്തത്തിൽ നാശം സംഭവിച്ചതുമായ | 2,00,000 (മലയോരം) | 4,00,000 | ≤6,00,000 | ≤12,00,000 |

| | | | | |
|---|---|---|---|---|
| വീട് നിലനിന്ന വസ്തുവിൽ ഭാവിയിൽ ഒരു നിർമ്മാണ പ്രവർത്തിയും നടത്തുന്നില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്) | | | | |
| | 1,80,000 (സമതലം) | 4,20,000 | ≤6,00,000 | |

ബി) പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായി വീട് തകർന്ന/വാസയോഗ്യമല്ലാതായ (70% ത്തിലധികം തകർച്ച് നേരിട്ടവ) കുടുംബങ്ങൾക്ക് ധനസഹായമായി പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന 4 ലക്ഷം രൂപ എന്നത് 6 ലക്ഷം രൂപയായി (ആറ് ലക്ഷം രൂപ) വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. പുതുക്കിയ സ്ലാബ് ചുവടെ ചേർക്കുന്നു.

| നാശനഷ്ട-ത്തിന്റെ തോത് | SDRF (Rs) | | CMDRF (Rs) | | ആകെ തുക (Rs) | |
|---|---|---|---|---|---|---|
| | സമതലം | മലമ്പ്രദേശം | സമതലം | മലമ്പ്രദേശം | സമതലം | മലമ്പ്രദേശം |
| കുറഞ്ഞത് 15% | 6500 | 6500 | 3500 | 3500 | 10,000 | 10,000 |
| 16-29% | 45,000 | 50,000 | 15,000 | 10,000 | 60,000 | 60,000 |
| 30-59% | 90,000 | 1,00,000 | 35,000 | 25,000 | 1,25,000 | 1,25,000 |
| 60-70% | 90,000 | 1,00,000 | 1,60,000 | 1,50,000 | 2,50,000 | 2,50,000 |
| **70% ത്തിലധികം** | **1,80,000** | **2,00,000** | **4,20,000** | **4,00,000** | **6,00,000** | **6,00,000** |

3) പരാമർശം (1), (2) ഉത്തരവുകളിലെ മറ്റു വ്യവസ്ഥകളും നിബന്ധനകളും മാറ്റമില്ലാതെ തുടരുന്നതാണ്. ഈ ഭേദഗതി ഉത്തരവിന് 2026 കാലവർഷം മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം അഞ്ജന ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്( ഇനം നം 133 O.A)
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Manu S
Date: 06-08-2026
19:57:59

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി എസ് -ന്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി എസ് -ന്

സ്പെഷ്യൽ സെക്രട്ടറിയുടെ പി എ - യ്ക്ക്